ഉത്തരം

(എ) കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 19.6.1999-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പണിക്ക് 8,83,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി)&(ഡി) എസ്റ്റിമേറ്റ് തുകയുടെ 20% എങ്കിലും ബജറ്റ് വിഹിതമുണ്ടെങ്കിൽ മാത്രമേ പണി ആരംഭിക്കുന്നതിന് പ്രത്യേകാനുമതി നൽകാറുള്ളൂ. പ്രത്യേകാനുമതി ലഭിച്ചശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ അനുമതി നൽകുന്നതാണ്.

(ഇ) നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് പണി ആരംഭിക്കുന്നതാണ്.

കാഞ്ഞിരപ്പള്ളി സിവിൽസ്റ്റേഷൻ

111 (894)ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി സിവിൽ സ്റ്റേഷന്റെ പുതുക്കിയ പ്ലാൻ പ്രകാരമുള്ള പണി എന്നുതുടങ്ങും;

(ബി) ഇത്രയുംനാൾ പണി നീട്ടിക്കൊണ്ടുപോകാൻ കാരണങ്ങൾ എന്തെങ്കിലും ഉണ്ടോ;

(സി) എങ്കിൽ അവ ഏതെല്ലാം;

(ഡി) തടസ്സങ്ങൾ നീക്കി പുതുക്കിയ പ്ലാൻ അനുസരിച്ച് പണി ഉടൻ തുടങ്ങാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)-(സി) കാഞ്ഞിരപ്പള്ളി സിവിൽ സ്റ്റേഷന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് പാമ്പാടിയിലെ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്; ഡിസൈൻ തീരുമാനമാകുന്നതിൽ വന്ന കാലതാമസംമൂലം പണി നീണ്ടുപോയിട്ടുണ്ട്.

(ഡി) ഡിസൈൻ ലഭിച്ചാലുടനെ പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മൈത്രീ ഭവന പദ്ധതി വായ്പ ലഭിക്കാനുള്ള കാലതാമസം

112 (895)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ ഭവന പദ്ധതിയിൽ വായ്പയ്ക്ക് അപേക്ഷിച്ചവർക്ക് ആഫീസ് കാര്യങ്ങളിൽ വലിയ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചടയമംഗലം മണ്ഡലത്തിലെ ചില പഞ്ചായത്തുകൾ ജനകീയാസൂത്രണത്തിലെ ഭവന നിർമ്മാണം മൈത്രീ ഭവനെ ഏൽപ്പിച്ചിട്ടുണ്ട്. ഇതുവരെ ഗഡുക്കൾ നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വായ്പാഗഡുക്കൾ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാധാരണ വലിയ കാലതാമസം ഉണ്ടാകാറില്ല. അപേക്ഷകർക്ക് കഴിയുന്നതും വേഗം വായ്പ നൽകുന്നുണ്ട്. എന്നാൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം ചുരുക്കം ചില അപേക്ഷകളിൽ കാലതാമസം ഉണ്ടാകാറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന അപേക്ഷകൾക്ക് മുൻഗണന നൽകിയാണ് വായ്പ അനുവദിക്കുന്നത്. ഭവന നിർമ്മാണ ബോർഡിന്റെ ഒരു പ്രാദേശിക ആഫീസിന്റെ പരിധിയിൽവരുന്ന പല പഞ്ചായത്തുകളും മൊത്തമായി അപേക്ഷ സമർപ്പിക്കുന്നതിനാലും ചില അപേക്ഷകളിൽ ആവശ്യമായ രേഖകളുടെ അഭാവം നിമിത്തവും അർഹത പരിശോധിച്ച് വായ്പാനുവാദം നൽകി ഗഡുക്കൾ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. കൂടാതെ ഒന്നിലധികം പഞ്ചായത്തുകൾ ഒരുമിച്ച് അപേക്ഷകൾ നൽകുന്ന സന്ദർഭങ്ങളിൽ അപേക്ഷ സമർപ്പിക്കുന്ന മുൻഗണനാക്രമമനുസരിച്ചാണ് നടപടികൾ സ്വീകരിക്കുന്നത്.

(ബി) ചടയമംഗലം പഞ്ചായത്തിലെ ചടയമംഗലം, ഇളമാട്, ഇടിവ എന്നീ പഞ്ചായത്തുകൾ മൈത്രീ പദ്ധതിപ്രകാരം വായ്പ ലഭിക്കുന്നതിന് ഗുണഭോക്താക്കൾക്കുവേണ്ടി തുക നിക്ഷേപിച്ചിട്ടുണ്ട്. ചടയമംഗലം പഞ്ചായത്തു നൽകിയ 41 അപേക്ഷകളിലും ഇളമാട് പഞ്ചായത്തു നൽകിയ 44 അപേക്ഷകളിലും നടപടികൾ സ്വീകരിക്കുകയും വായ്പാനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. വായ്പ ലഭിക്കുന്നതിന് ഗുണഭോക്താക്കൾ ബോർഡുമായി കരാറിൽ ഏർപ്പെടുന്നതിനും വായ്പയുടെ ഒന്നാം ഗഡു നൽകുന്നതിനാവശ്യമായ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വായ്പാ ഗഡുക്കൾ വിതരണം ചെയ്യുന്നതാണ്. ഇടിവ പഞ്ചായത്തു സമർപ്പിച്ചിട്ടുള്ള 44 അപേക്ഷകളിൽ വായ്പാനുവാദം നൽകുന്നതിന് സത്വരനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വായ്പാനുവാദം ലഭിച്ചുകഴിഞ്ഞ ഗുണഭോക്താക്കൾ ബോർഡുമായി കരാറിൽ ഏർപ്പെടുകയും നിർദ്ദിഷ്ട കെട്ടിടനിർമ്മാണ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുകയും ചെയ്യുന്ന മുറയ്ക്ക് വായ്പാഗഡുക്കൾ കാലതാമസം കൂടാതെ നൽകുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly